"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - 2025 വർഷത്തെ സർക്കാർ ഡയറികൾ (ഇംഗ്ലീഷ്) കെയ്സ് ബൈൻഡിംഗ് ചെയ്യുന്നതിനുള്ള ഭരണാനുമതി - പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്

സ.ഉ.(സാധാ) നം.31/2025/PPAD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:- 1. 12-11-2024 തീയതിയിലെ സ.ഉ.(സാധാ)നം.125/2024/SPD

2. അച്ചടി വപ്പ് ഡയറക്ടറുടെ 05.03.2025 തീയതിയിലെ 7508/2024/ജി5/ഡിപി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

2025 വർഷത്തെ സർക്കാർ ഡയറികൾ (ഇംഗ്ലീഷ്) 90,000 എണ്ണം കെയ്സ് ബൈൻഡിംഗ് ചെയ്യുന്നതിന് 38,00,000/- രൂപയുടെ ഭരണാനുമതി നൽകിയും ടി തുക 2058-00-103-99-00-24 ശീർഷകത്തിൽ നിന്ന് വിനിയോഗിക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു.

2.) തുടർന്ന് അച്ചടിവകുപ്പ് നടത്തിയ E-Tender നടപടികളിൽ പങ്കെടുത്ത 5 സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത (35,01,000/-രൂപ) Orange printers Pvt Ltd. എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടി തുകയോട് GST തുകയും കൂടി ചേർക്കുമ്പോൾ 3,31,180/- രൂപ അധികരിച്ച് 41,31,180/- രൂപയാണ് ക്വാട്ട് ചെയ്യുകയും 2025 ലെ സർക്കാർ ഡയറികൾ അടിയന്തരമായി കെയ്സ് ബൈന്റിങ് ചെയ്യുന്നതിനായി, ടി സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും വർക്ക് പൂർത്തീകരിച്ച് നൽകിയിട്ടുള്ളതിനാൽ ഇൻവോയ്സ് പ്രകാരം 41,31,180/- രൂപ ടി സ്ഥാപനത്തിന് അനുവദിക്കേണ്ടതുണ്ടെന്നും 2024-25 സാമ്പത്തികവർഷത്തിൽ അച്ചടിവകുപ്പിന് 2058-00-103-99-00-24 എന്ന ശീർഷകത്തിൽ ബജറ്റ് വിഹിതമായി 1,90,00,000/- രൂപ വകയിരുത്തിയിരുന്നതിൽ, 1,89,97,561/- രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ഈ ശീർഷകത്തിൽ 2439/-രൂപ മാത്രമേ ശേഷിക്കുന്നുള്ളുവെന്നും ആയതിനാൽ മേൽ ആവശ്യത്തിലേയ്ക്ക് ടി ശീർഷകത്തിൽ 41,31,180/- രൂപയുള്ള അധികധനാനുമതി നൽകി, ഭരണാനുമതി പുതുക്കി നൽകുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

3.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടിവകുപ്പിന് 2025 വർഷത്തെ സർക്കാർ ഡയറികൾ (ഇംഗ്ലീഷ്) കെയ്സ് ബൈന്റിങ് ചെയ്യുന്നതിന് പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് , ടി ആവശ്യത്തിലേയ്ക്കായി 41,31,180/- രൂപയുടെ (നാൽപത്തി ഒന്നു ലക്ഷത്തി മുപ്പത്തൊന്നായിരത്തി ഒരുന്നൂറ്റി എൺപത് രൂപ മാത്രം) പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

4.) ടി തുക 2058-00-103-99-00-24 എന്ന ശീർഷകത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തെ (2025-26) ബഡ്ജറ്റ് പ്രൊവിഷനിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II ) കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 12-05-2025 13:10:36
സെക്ഷൻ ഓഫീസർ